ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഭൂഗർഭസംരക്ഷണപ്രവർത്തനങ്ങൾക്കായി രണ്ടാംപഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ ഒരു ലിസ്റ്റ് മേശപ്പുറത്തു് വച്ചിരിക്കുന്നു.

(ബി) സംസ്ഥാനത്തിൽ ഇപ്പോഴുള്ള 38 ഭൂഗർഭശാസ്ത്രപത്രികകൾക്കും, 40 വെറ്ററിനറി ഡിസ്പെൻസറികൾക്കും, 10 സ്റ്റോക്ക്മെൻസ്റ്റേഷനുകൾക്കും പുറമെ 8 ഭൂഗർഭശാസ്ത്രപത്രികളും, 16 ഡിസ്പെൻസറികളും പുതുതായി സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. അവയ്ക്കു പുറമെ തൃശ്ശൂർ ഡിസ്ട്രിക്ടിൽ ഇപ്പോഴുള്ള 10 സ്റ്റോക്ക്മെൻസ്റ്റേഷനുകളെ വെറ്ററിനറി ഡിസ്പെൻസറികളാക്കി മാറ്റുന്നതിനും ഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ടു്. കൂടാതെ പുതുതായി തുറക്കപ്പെടുന്ന ഓരോ എൻ. ഇ. എസ്. ബ്ലോക്കുകളിലും ഓരോ വെറ്ററിനറി ഡിസ്പെൻസറികൾ വീതം സ്ഥാപിക്കപ്പെടുന്നതാണു്.

മണ്ണൊലിപ്പു നിവാരണപദ്ധതി.

464. [44] ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കഴിഞ്ഞ ഗവണ്മെൻറ് ആരംഭിച്ച മണ്ണൊലിപ്പുനിവാരണ പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏതു നിലയിൽ ഇരിക്കുന്നു;

(ബി) ഈ വർഷംതന്നെ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ മലംപ്രദേശമായ നെടുമങ്ങാടു താലൂക്കു് പ്രസ്തുത പദ്ധതിയുടെ പ്രവർത്തനത്തിനു് അനുയോജ്യമായിരിക്കുന്നതിനാൽ അവിടെകൂടി പദ്ധതിയുടെ പ്രവർത്തനം തുടങ്ങുന്നതിനു് ഗവണ്മെൻറ് ശ്രദ്ധിക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഗവണ്മെൻറ് ആരംഭിച്ചിട്ടുള്ള മണ്ണുസംരക്ഷണ പദ്ധതിയുടെ പ്രവർത്തനം ഇപ്പോഴും തുടരുന്നു.

(ബി) ഉണ്ടു്. അതിനുള്ള നടപടികൾ നടത്തിവരികയാണു്.

(സി) നെടുമങ്ങാടു താലൂക്കിലും വ്യാപിപ്പിക്കുന്ന കാര്യം ആലോചിക്കുന്നതാണു്.

ഹെൽത്ത് സെൻറുകൾ.

* 465. [49] ശ്രീ. എം. എ. ഖാൻറണി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കമ്മ്യൂണിറ്റി പ്രോജക്ടിൽ നിന്നും പണികഴിപ്പിച്ചിട്ടുള്ള ഹെൽത്ത് സെൻറുകളിൽ സകല സൗകര്യങ്ങളുമുണ്ടായിരുന്നിട്ടും രോഗികളെ കിടത്തി ചികിത്സിക്കുന്നതിനു് അനുവദിക്കാത്തതും, ആവശ്യമായ സ്റ്റാഫിനെ നിയമിക്കാത്തതും എന്തുകൊണ്ടാണു്?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

ഈ സ്ഥാപനങ്ങളിൽ കിടത്തി ചികിത്സിക്കുവുന്നിടത്തോളം രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ട്. ആവശ്യമുള്ള സ്റ്റാഫിനെ അവിടെ നിയമിച്ചിട്ടുണ്ട്.

വാടക നിയന്ത്രണം.

466. [52] ശ്രീ. എൻ. പരമേശ്വരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു ഏതെല്ലാം പട്ടണങ്ങളിൽ വാടക നിയന്ത്രണം നിലവിലുണ്ട്; എന്തു് അടിസ്ഥാനത്തിലാണു് വാടകനിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതു്;

(ബി) ചങ്ങനാശേരി ടൗൺ വാടകനിയന്ത്രണ ഉത്തരവിന്റെ വ്യാപ്തിയിൽ നിന്നും ഒഴിവാക്കാൻ കാരണമെന്തു്;

(സി) ചങ്ങനാശേരി പട്ടണത്തിൽ വീണ്ടും വാടക നിയന്ത്രണം നടപ്പിൽ വരുത്തുമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, മട്ടാഞ്ചേരി, തൃശ്ശൂർ, ആലുവാ എന്നീ പട്ടണങ്ങളിൽ വാടകനിയന്ത്രണം നിലവിലുണ്ടു്. മേജർ മുനിസിപ്പാലിറ്റികളോ അല്ലെങ്കിൽ അത്രത്തോളം പ്രാധാന്യമുള്ള പട്ടണമോയെന്ന നിലയിലാണു് ഈ സ്ഥലങ്ങളിൽ നിയന്ത്രണം തുടരുന്നതു്.

(ബി) മുൻപറഞ്ഞസ്ഥലങ്ങളോളം പ്രാധാന്യമില്ലാത്തതുകൊണ്ടു്.

(സി) വാടകനിയന്ത്രണം കൂടുതൽ പട്ടണങ്ങളിൽ വ്യാപിപ്പിക്കാതിരിക്കുകയെന്നതാണു് ഗവണ്മെൻറിന്റെ നയം. ആ നിലയ്ക്കു് ചങ്ങനാശേരിയിൽ വീണ്ടും നിയന്ത്രണമേർപ്പെടുത്തണമെന്നു് തൽക്കാലം ഉദ്ദേശിക്കുന്നില്ല.

ജൂഡീഷ്യറിയും എക്സിക്യൂട്ടീവും.

467. [54] ശ്രീ. പി. നാരായണൻ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂഡീഷ്യറിയും എക്സിക്യൂട്ടീവും വിഭജിച്ചതിനുശേഷം എക്സിക്യൂട്ടീവ് ആഫീസറന്മാർക്കെങ്കിലും ജൂഡീഷ്യൽ അധികാരങ്ങൾ തുടർന്നു നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എതെല്ലാം ഉദ്യോഗസ്ഥന്മാർക്കു്; എന്തു് അധികാരങ്ങൾ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്.

(ബി) കളക്ടറന്മാർക്കും, ഡെപ്യൂട്ടി കളക്ടർമാർക്കും. ഇവർക്കു് കൊടുത്തിട്ടുള്ള അധികാരങ്ങൾ ജൂൺ ഏഴാം തീയതിയിലെ (1955) ഗസറ്റിൽ പരസ്യം ചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly